കേരള സർവകലാശാല

നം. പി.ആർ.231/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പുന:ക്രമീകരിച്ച പരീക്ഷാതീയതികൾ

കേരള സർവകലാശാല ഒക്ടോബർ 16-ന് നടത്താനിരുന്ന പരീക്ഷകളുടെ പുന:ക്രമീകരിച്ച തീയതികളും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റ മില്ല.

## എം.ടെക് (പാർട്ട് ടൈം) പരീക്ഷാ ഫലം

കേരള സർവകലാശാല നടത്തിയ ആറും ഏഴും സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാ ണ്.

## വൈവ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ പരീക്ഷയുടെ വൈവ ഒക്ടോബർ 31 നും എം.എ ഫിലോസഫി പരീക്ഷയുടെ വൈവ നവംബർ ഒൻപത്, പത്ത് തീയതികളിലും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## പ്രാക്ടിക്കൽ വൈവ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സ്.സി ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും നവംബർ ഒന്ന് മുതൽ 14 വരെയുള്ള തീയതികളിലും എം.എസ്.സി ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും നവംബർ ഒന്ന് മുതൽ മൂന്ന് വരെയുള്ള തീയതിക ളിലും നത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## സീറ്റുകൾ ഒഴിവുണ്ട്

കേരള സർവകലാശാല നിയമവകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തി ലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ പത്താം ക്ലാസ്സ് മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും 2000 രൂപ ഫീസും സഹിതം ഒക്ടോബർ 30 ഉച്ചക്ക് രണ്ട് മണിക്ക് നിയമവകുപ്പിന്റെ ഓഫിസിൽ എത്തിച്ചേരേണ്ടതാണ്.

## റിസർച്ച് ഗ്രാന്റ് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ/സ്ഥാപന ങ്ങൾ എന്നിവിടങ്ങളിൽ നിന്നും 2017-18 വർഷത്തേക്കുള്ള റിസർച്ച് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന

തീയതി നവംബർ 17. അപേക്ഷ ഫോറവും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ റിസർച്ച് പോർട്ടലിൽ (www.research.keralauniversity.ac.in) ഡൗൺലോഡ്സ് എന്ന ലിങ്കിൽ നിന്നും ലഭിക്കും.

## ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ ബി.ബി.എ പുനർമൂല്യനിർണയം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് (റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ ബി.ബി.എ പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് നവംബർ 17 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
25.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098